# ഹരിതവനത്തിൻ ഹരം നുകന്നു, ഗിരിജനത്തിൻ മനം കവർന്നു....





സൈലൻറ്‌വാലിയിൽ ദേശീയ പാർക്ക് രാജീവ് ഗാന്ധി ഉദ്ഘാടനം ചെയ്യുന്നു (മുകളിൽ) രാജീവ് ആദിവാസികളോടൊപ്പം (ചുവടെ)

സ്വന്തം ലേഖകൻ

അട്ടപ്പാടി: കാടിൻെറ മക്കളുടെ ദയനീയത, വരണ്ടുണങ്ങിയ മൊട്ടക്കുന്നുകൾ, നിബിഡഹരിത വനമായ സൈലൻറ്‌വാലി — അട്ടപ്പാടിയുടെ മുഖം ഇന്ത്യൻപ്രധാനമന്ത്രി ശനിയാഴ്ച കണ്ടു.

നാലു മണിക്കൂർ നേരം നീണ്ടു നിന്ന മിന്നൽ പര്യടനമായിരുന്നു അട്ടപ്പാടിയിലേത്. വഴി നീളെ ആയിരക്കണക്കിനു് ആദിവാസികൾ തടിച്ചു കൂടി യുവ പ്രധാനമന്ത്രിക്ക് അഭിവാദ്യമർപ്പിച്ചു. വഴി നീളേ കോൺഗ്രസ്സ്‌പതാകകളാലും തോരണങ്ങളാലും കമനീയമായി അലങ്കരിച്ചിരുന്നു. മുൻകൂട്ടി നിശ്ചയിച്ച പരിപാടി അനുസരിച്ചായിരുന്നില്ല സന്ദർശനം. പ്രതീക്ഷിക്കാതെ നിന്ന പലർക്കും രാജീവിൻെറ സാന്നിദ്ധ്യം ലഭിച്ചുവെങ്കിൽ, മണിക്കൂറുകളോളം കാത്തു നന്ന അനേകർക്ക് അദ്ദേഹത്തെ കാണാനെ സാധിച്ചില്ല. വഴിയിൽ ചിലേടത്തൊക്കെ നിർത്തി പ്രകൃതിഭംഗി ആസ്വദിക്കാൻ അദ്ദേഹം സമയം കണ്ടെത്തി.

കാലത്ത് ഒരു മണിക്കൂർ വൈകി പത്തു മണിയോടടുത്താണ് അദ്ദേഹം 20 അംഗസംഘത്തോടൊപ്പം കോട്ടത്തറയിലെ നായക്കരപ്പടി ഹെലിപ്പാഡിൽ വന്നിറങ്ങിയത്. ഒരു വെളുത്ത അംബാസിഡർ കാറിൽ നേരെ സൈലൻറ്‌വാലിയിലേക്ക് നീങ്ങി; മുക്കാളി കഴിഞ്ഞപ്പോൾ കാർ ഉപേക്ഷിച്ചു ജീപ്പിലായി യാത്ര.

## ദേശീയ പാർക്ക് ഉദ്ഘാടനം

ഇരു ഭാഗവും തുറന്ന ജീപ്പിൽ രാവിലെ 11.20നു് പ്രധാനമന്ത്രി സൈലൻറ്‌വാലിയിലെത്തി. സൈലൻറ്‌വാലി ദേശീയ പാർക്കിൻെറ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിച്ചു. മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ നാലു ഭാഷകളിൽ ആലേഖനം ചെയ്ത ശിലാഫലകം അനാവരണം ചെയ്തു കൊണ്ടായിരുന്ന ഉദ്ഘാടനം.

പത്നി സോണിയാഗാന്ധി, മുഖ്യമന്ത്രി കരുണാകരൻ, എന്നിവരോടൊപ്പമാണ് രാജീവ് സൈലൻറ്‌വാലിയിൽ എത്തിയത്. കെ.പി.സി.സി. (ഐ) പ്രസിഡണ്ടു് സി. വി. പത്മരാജൻ, വി. എസ്. വിജയരാഘവൻ എം.പി, പൊലീസ് ഡയരക്ടർ ജനറൽ എം.കെ. ജോസഫ് എന്നിവർ അവരെ അനുഗമിച്ചു. വനം വകുപ്പ് മന്ത്രി കെ. പി. നൂറുദ്ദീൻ നേരത്തെ തന്നെ സ്ഥലത്തെത്തിയിരുന്നു.

## സംരക്ഷിക്കണം

15 മിനുട്ടോളം രാജീവ് സൈലൻറ് വാലിയുടെ പ്രകൃതി രമണീയത ആസ്വദിച്ചു. എന്തുവിലകൊടുത്തും ഈ പ്രദേശം സംരക്ഷിക്കണമെന്നു് അദ്ദേഹം വനംവകുപ്പ് മന്ത്രി നൂറുദ്ദീന്നു് പ്രത്യേക നിർദ്ദേശം നൽകി. മരങ്ങൾ വെട്ടിമുറിക്കാൻ ഒരു വിധത്തിലും അനുവദിക്കരുതെന്നും, സൈലൻറ് വാലിയുടെ സന്തുലിതാവസ്ഥ നിലനിർത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

സൈലൻറ്‌വാലി എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ പി. കെ. മേനോനുമായി രാജീവ് സംസാരിക്കുക

ശേഷം 5–ാം പേജ് 2–ാം കോളം



തിരൂരങ്ങാടിയിൽ രാജീവിനെ കാത്തിരിക്കുന്ന ജനക്കൂട്ടം

# ആനയെ നോക്കിനിന്നു

1-ാം പേജ് 8-ാം കോളം തുടർച്ച

യുണ്ടായി. പാർക്കിന്റെ രൂപരേഖയെപ്പററിയും അതു നടപ്പാക്കുന്നതിനെ കുറിച്ചുമെല്ലാം രാജീവും മേനോനും സംസാരിച്ചു.

രാജീവിന്ന് കാട്ടിലൂടെ സഞ്ചരിക്കാൻ നാല് ആനകളെ പ്രത്യേകം ഒരുക്കിനിർത്തിയിരുന്നുവെങ്കിലും അതു വേണ്ടെന്നു വെച്ചു. മടക്കത്തിൽ ആ ആനകളെ കുറച്ചുനേരം നോക്കിനിൽക്കാനും അദ്ദേഹം സമയം കണ്ടെത്തി.

രാജീവിന്ന് ഇളന്നീർ നൽകിയപ്പോഴും ചായ മതിയെന്ന് അദ്ദേഹം പറഞ്ഞു. കെ ടി ഡി സി തയ്യാറാക്കിയ ചായ ഉടനെ അദ്ദേഹത്തിന്ന് ലഭിക്കുകയും ചെയ്തു. സോണിയ ശീതളപാനീയമാണ് കുടിച്ചത്.

ഫിലിം ഡിവിഷനും ദൂരദർശനും സൈലന്റ്‌വാലിയുടെ ദൃശ്യങ്ങൾ പകർത്തുകയുണ്ടായി. പത്ര ഫോട്ടോഗ്രാഫർമാർക്ക് വിലക്കുണ്ടായിരുന്നുവെങ്കിലും മടങ്ങുന്നതിന്നു മുമ്പ് അദ്ദേഹം അവരെ ജീപ്പിനടുത്തേക്കു വിളിച്ചു പടമെടുക്കാൻ ആവശ്യപ്പെട്ടു.

സൈലന്റ്‌വാലിയിൽനിന്നു ചിണ്ടക്കിയിലേക്കു മടങ്ങുമ്പോൾ വഴിയിൽ കാത്തു നിന്നിരുന്ന കരുവാര ഊരിലെ ആദിവാസികളോടു രാജീവ് സംസാരിച്ചു. അവശരായ ആദിവാസികളുടെ പ്രശ്നങ്ങൾ അദ്ദേഹം ആരാഞ്ഞു.

ഉച്ചക്ക് 12.45നാണ് ദീർഘനേരം തന്നെ കാത്തിരുന്ന ചിണ്ടക്കിലെത്തിയത്. അവിടെ തലമുറകളുടെ കദന കഥ പറയുന്ന ആദിവാസി കുടുംബങ്ങൾ പ്രഭാതം മുതൽ പ്രധാനമന്ത്രിയുടെ വരവു കാത്തിരിക്കയാണ്. മുഖ്യമന്ത്രി കെ കരുണാകരൻ, കെ പി സി സി പ്രസിഡണ്ട് സി വി പത്മരാജൻ, വി എസ് വിജയരാഘവൻ എം പി, മന്ത്രി കെ പി നൂറുദ്ദീൻ തുടങ്ങിയ നേതാക്കൾ പ്രധാനമന്ത്രിയെ അനുഗമിച്ചിരുന്നു. പി കുമാരൻ എം.എൽ.എ, ഡോ. പി ആർ ജി മാത്തൂർ എന്നിവരെ മുഖ്യമന്ത്രി പരിചയപ്പെടുത്തി. ചിണ്ടക്കയിലെ ആദിവാസി ഹൈസ്കൂൾ അങ്കണത്തിൽ എല്ലാം മറന്നു മണിക്കൂറുകളോളം ഇരുപ്പുറപ്പിച്ച ആദിവാസികളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ആർത്തരായ കാടിന്റെ മക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവുന്നതൊക്കെ ചെയ്യുമെന്ന് പ്രധാനമന്ത്രിയുടെ ഉറപ്പ് ചുളിവുകൾ വീണ ആദിവാസികളുടെ കവിളുകളിൽ പ്രത്യാശയുടെ വെളിച്ചം വീഴ്ത്തി.

സമ്മുഡിയുടെ പച്ച നിറമുള്ള ഏലക്കായ കൊണ്ട് മെനഞ്ഞെടുത്ത ബൊക്കെകൾ ഊരുമൂപ്പനായ രങ്കനും, ചെല്ലിയും രാജീവിനും സോണിയക്കും സമ്മാനിച്ചു.